വകുപ്പിലെ നഴ്സറി അദ്ധ്യാപികമാരിൽനിന്നും ഗ്രാമവികസന വകുപ്പിലെ മുഖ്യ സേവികമാർ, ഗ്രാമസേവികമാർ എന്നിവരിൽനിന്നും അവരുടെ സമ്മതത്തിനും വകുപ്പുമേധാവിയുടെ ശുപാർശയ്ക്കും വിധേയമായിട്ടാണ്. ഒരു സർവ്വകലാശാലാ ബിരുദമോ തത്തുല്യമായ യോഗ്യതയോ ഉള്ളവരെയാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമിച്ചത്. കരാറടിസ്ഥാനത്തിൽ നിയമിച്ചത് താഴെപ്പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ചോദ്യം 'ഇ'യുടെ ഉത്തരത്തിൽ പറയുന്ന കമ്മിറ്റി ഇൻറർവ്യൂ ചെയ്തു തെരഞ്ഞെടുത്ത് സംവരണതത്ത്വങ്ങൾക്ക് അനുസൃതമായി ഉണ്ടാക്കിയ ലിസ്റ്റിൽ നിന്നാണ്.

(ജി) വിദ്യാഭ്യാസ യോഗ്യത

1. ഹോംസയൻസ്, ന്യൂട്രീഷൻ, സോഷ്യൽ വർക്ക്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഒന്നിൽ നേടിയ ബിരുദം, അല്ലെങ്കിൽ.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും മറ്റേതെങ്കിലും വിഷയങ്ങളിൽ നേടിയ ബിരുദവും അംഗൻവാടി വർക്കറായോ ഏതെങ്കിലും സന്നദ്ധ സേവന സ്ഥാപനത്തിൻെറ കീഴിൽ ഉത്തരവാദിത്വത്തോടുകൂടിയുള്ളതോ ആയ ഒരു വർഷത്തെ സേവന പരിചയം, അഥവാ

3. എ സ്. എസ്. എൽ. സി. യും ഗവൺമെൻറിൻെറ കീഴിലോ അംഗീകാരത്തോടുകൂടിയുള്ളതോ ആയ സ്ഥാപനത്തിൽനിന്നും ലഭിച്ച ബാലസേവികാ ട്രെയിനിംഗ് സർട്ടിഫിക്കറോ ബാലസേവികയായോ നഴ്സറി ടീച്ചറായോ ഏതെങ്കിലും സന്നദ്ധസംഘടനയുടെയോ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറിൻെറ കീഴിലോ അഞ്ചുവർഷത്തെ സേവന പരിചയം.

പുതിയ ഐ. സി. ഡി. എസ്. പ്രോജക്ടുകൾ

178 [228] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം പുതുതായി ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ബ്ലോക്കുകളിലാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം ആരംഭിക്കേണ്ട 6 പ്രോജക്ടുകളിൽ 5 എണ്ണം താഴെ പറയുന്ന ബ്ലോക്കുകളിൽ നടപ്പിലാക്കുന്നതിന് കേന്ദ്രഗവൺമെൻറിൻെറ അനുമതി ലഭിച്ചിട്ടുണ്ട്.

1. പേരാവൂർ
2. ചിറ്റൂർ
3. അഴീക്കോട്
4. ഒറ്റപ്പാലം
5. വാമനപുരം

LIBRARY ARCHIVES Kerala Legislative Assembly